DESPATCHED
On 22/06/2020

10/2/20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 1702(7)/2013**/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **11425**/എസ്.ഐ.സി-ജി 6/13)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. വി.കെ.മനോജ്,
നന്ദനം, നിയർ നിത്യാനന്ദൻ കോളനി,
പി.ഒ. പള്ളിക്കുന്ന്,
കണ്ണൂർ – 670 004. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
അഡീഷണൽ സൂപ്രണ്ട് ഓഫ് പോലീസ്,
കണ്ണൂർ ജില്ലാ പോലീസ്,
കണ്ണൂർ – 670 002.

2. അപ്പീൽ അധികാരി&
ജില്ലാ പോലീസ് മേധാവി,
ജില്ലാ പോലീസ് കാര്യാലയം,
കണ്ണൂർ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 20.12.2012 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 16.01.2013 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 08.02.2013 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 23.02.2013 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 10.08.2013 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 14.08.2013 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 21.01.2020 വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കണ്ണൂർ. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>അപ്പീലധികാരി | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.വി.കെ.മനോജ്, 10.08.2013ന് സമർപ്പിച്ച അപ്പീൽ ഹർജി 14.08.2013ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.1702(7)/13/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിലും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയില്ലെന്നും ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 20.12.2012ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, 2012 ജൂലൈ 6–ാം തീയതി പള്ളിക്കുന്ന് സൂപ്രണ്ട് ഗേറ്റിൽ സംഘർഷം നടക്കാൻ സാധ്യതയുണ്ടെന്ന് ഏതെങ്കിലും ഏജൻസിയിൽ നിന്നും വിവരങ്ങൾ ലഭിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് നൽകണമെന്നും മേൽപ്പടി വിവരം ടിയാന് ലഭിച്ചിട്ടുണ്ടെങ്കിൽ ടി വിവരം ആർക്കെങ്കിലും കൈമാറിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ആർക്കാണെന്നും തുടങ്ങി 2 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 16.01.2013ന് മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 23.02.2013ന് മറുപടി നൽകിയതായും കാണുന്നു.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് രഹസ്യ സ്വഭാവമുള്ള വിഷയം ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ വിവരാവകാശ നിയമം 2005 റൂൾ 8(ജി)(എച്ച്) പ്രകാരം നൽകാൻ നിർവ്വാഹമില്ലെന്നു ജില്ലാ പോലീസ് മേധാവി മറുപടി നൽകിയിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 16.01.2020ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കമ്മീഷനു ബോധ്യമാകുന്നു. ടിയാന്റെ അപേക്ഷയിൽ ജൂലൈ 6ൽ നടന്ന ഒരു കൊലപാതകവുമായി ബന്ധപ്പെട്ട വിവരങ്ങളാണ് ആവശ്യപ്പെട്ടിരുന്നതെന്നും ആയതിന് കൃത്യമായ വിവരങ്ങൾ നൽകിയിട്ടില്ലെന്നും 04.09.2013ൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പും ടിയാന് ലഭിച്ചിട്ടില്ലെന്നും ഹർജിക്കാരൻ കമ്മീഷൻ

മുമ്പാകെ ബോധിപ്പിച്ചു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്ന വിവരം വിവരാവകാശ നിയമത്തിലെ 8(ജി)(എച്ച്) പ്രകാരം നിരസിച്ചുവെന്നും ടി വിവരങ്ങൾ നൽകാൻ പാടില്ല എന്ന് രണ്ടാം എതിർകക്ഷിയും റിപ്പോർട്ടു ചെയ്തിരുന്നുവെന്നുമാണ്. ഒന്നാം എതിർകക്ഷിയുടെ മൊഴിയുടെ അടിസ്ഥാനത്തിലും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും 16.01.2020ലെ റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരന് നൽകണമെന്ന് കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ഫെബ്രുവരി 10-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM